(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇവരെ മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽ ആ രാജ്യങ്ങളിൽ ജയിലിലുള്ള ഇന്ത്യാക്കാരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ആയതിനാൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ നിലവിൽ എത്ര മലയാളികളുണ്ട് എന്ന് അറിയില്ല.

(ബി ആന്റ് സി) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല.

(ഡി) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനത്തിനായി നടപടികൾ സ്വീകരിക്കുന്നതിന് അതാത് രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെട്ട നോർക്ക വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയെക്കുറിച്ച് അന്വേഷിക്കേണ്ടി വരുമ്പോൾ അവരുടെ മോചനത്തിനായി ആ രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സഹായം തേടാറുണ്ട്.

വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ

165[785] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. എ. ഇ. തുടങ്ങിയ വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടിപോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിലുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കാൻ കേന്ദ്ര സർക്കാരുമായി ആലോചിച്ച് പുതിയ സംവിധാനങ്ങൾക്ക് രൂപം നല്കുമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര മനുഷ്യ വിഭവശേഷി വികസന മന്ത്രാലയത്തിന്റെയും, വിദേശകാര്യ മന്ത്രാലയത്തിന്റെയും സെല്ലുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രിയും നോർക്ക വകുപ്പ് മന്ത്രിയും നിവേദനങ്ങളിലൂടെ മുൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ നോർക്ക പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി, പൊതു മരാമത്ത് വകുപ്പ് മന്ത്രി, തൊഴിൽ വകുപ്പ് മന്ത്രി, എന്നീ മൂന്നംഗ മന്ത്രി തല സംഘം മുൻ പ്രധാന മന്ത്രിക്ക് ഈ ആവശ്യമുന്നയിച്ച് നിവേദനം നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന 'റൂട്ട്സ് എൻ. ആർ. കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവി'ൽ 30-1-2004 മുതൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഓൺ ലൈൻ രജിസ്ട്രേഷൻ വഴി ഉദ്യോഗാർത്ഥികൾക്ക് റൂട്ട്സിൽ എത്തേണ്ട തീയതി സ്വീകരിക്കാവുന്നതാണ്. റൂട്ട്സിലെ പ്രാദേശിക കേന്ദ്രത്തിൽ നിന്നും കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ വിദേശകാര്യ മന്ത്രാലയം, ബന്ധപ്പെട്ട രാജ്യത്തിന്റെ എംബസ്സി എന്നിവയുടെ അറ്റസ്റ്റേഷനുവേണ്ടി റൂട്ട്സ് ശേഖരിച്ച് ഡൽഹിയിലെ നോർക്ക സെല്ലിലേക്ക് അയക്കുകയും പ്രസ്തുത സാക്ഷ്യപ്പെടുത്തലുകൾക്ക് ശേഷം റൂട്ട്സ് സർട്ടിഫിക്കറ്റുകൾ ഉദ്യോഗാർത്ഥികൾക്ക് കൈമാറുകയുമാണ് സ്വീകരിച്ചുവരുന്ന നടപടിക്രമം.

(സി ആന്റ് ഡി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുണ്ടാകുന്ന കാലതാമസം സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് ഇപ്പോൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം മാത്രമാണ് റൂട്ട്സിൽ പ്രവർത്തിക്കുന്നത്. വിദേശകാര്യ മന്ത്രാലയത്തിന്റെയും, യു. എ. ഇ. എംബസ്സിയുടേയും അനുവാദമുണ്ടെങ്കിൽ മാത്രമേ ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. യു. എ. ഇ. എംബസ്സിയുമായി ഇക്കാര്യത്തിൽ ചർച്ചകൾ നടന്നുവരുന്നു. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി മുംബൈയിലെ യു.എ. ഇ. കോൺസുലേറ്റു വഴി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുംബൈയിലെ കോൺസുലേറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്നതിലേക്കായി സംസ്ഥാന ആഭ്യന്തര വകുപ്പിലെ ഒരു ജോയിന്റ് സെക്രട്ടറിയേയും, ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന കേരള ഹൗസിലെ നോർക്കാ സെല്ലിലെ ഒരു അണ്ടർ സെക്രട്ടറിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

റൂട്ട്സിലെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

166 [786] ശ്രീ. സ്റ്റീഫൻ ജോർജ്:

" ജോസഫ് എം. പുതുശ്ശേരി:

" തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവാക്കൾക്ക് വിദേശത്ത് ജോലി തേടുന്നതിലേക്കായി വിസ ലഭിക്കുന്നതിന് അനിവാര്യമായ സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷൻ പൂർണ്ണമായും റൂട്ട്സിൽ തന്നെ നടത്തി കിട്ടുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇന്ത്യയിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടിപോകുന്ന ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിന് ഉദ്യോഗാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയവും, വിദേശ കാര്യ മന്ത്രാലയവും സംയുക്തമായി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേരളത്തിൽ ഒരു ഏകജാലക സംവിധാനം ആരംഭിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം മാത്രമാണ് കേരളത്തിൽ ആരംഭിക്കുവാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയത്. പ്രസ്തുത പ്രാദേശിക കേന്ദ്രം 30-1-2004 മുതൽ നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന 'റൂട്ട്സി'ൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം

LIBRARY ARCHIVES Kerala Legislative Assembly